# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1723 — 01.11.2019-ൽ മറുപടിയ്ക്ക്

## മക്കരപറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.എ അഹമ്മദ് കബീർ | | ശ്രീ.എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ; | (എ) & (ബി) | മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള വടക്കാങ്ങര വില്ലേജിലെ 20 സെൻറ് ഭൂമി റവന്യൂവകുപ്പിന്റെ അനുമതിയോട്ടുകൂടി വിലയ്ക്ക് വാങ്ങി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്ന് ഗ്രാമ പഞ്ചായത്തിന് ടി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്. |
| (ബി) | കെട്ടിട നിർമ്മാണത്തിനായി ഭൂമി കൈമാറ്റം ചെയ്ത് ലഭ്യമായിട്ടുണ്ടോ | | |

| | | | |
|---|---|---|---|
| (സി) | കെട്ടിടനിർമ്മാണത്തിനായി വകയിരുത്തിയിട്ടുള്ള ഫണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി, ബഹു. മങ്കട നിയോജകമണ്ഡലം എം.എൽ.എ ശ്രീ.ടി.എ.അഹമ്മദ് കബീർ, അവറുകളുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും ലഭ്യമായ 50 ലക്ഷം രൂപയും, പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ മെയിൻറനൻസ് ഗ്രാൻറ് റോഡ് ഇനത്തിൽ ലഭ്യമായ തുകയിൽ മെയിൻറനൻസ് പ്രവൃത്തികൾക്കായി മാറ്റിവെച്ചതിനുശേഷം ബാക്കി വന്ന 45,19,520/- രൂപയും ഉൾപ്പെടെ ആകെ 9519520/-രൂപയാണ് വകയിരുത്തിയിട്ടുള്ളത് . |
| (ഡി) | കെട്ടിടനിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ